കേരളത്തിൽ വിതരണത്തിനായി അനുവദിച്ച റേഷൻ സാധനങ്ങൾ

113 (1601)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ -വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റേഷൻ വിതരണത്തിനായി കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും അനുവദിക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ സാധനങ്ങളുടെ അളവ് എത്രയാണ്;

(ബി) കേന്ദ്രം അനുവദിക്കുന്ന സാധനങ്ങളിൽ സംസ്ഥാന സർക്കാർ എത്ര വീതം എടുക്കുന്നുണ്ട്;

(സി) അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാസമയം എടുക്കാത്തതു കൊണ്ടു കഴിഞ്ഞ 4 വർഷങ്ങളായി ഓരോ വർഷവും ഓരോ ഇനവും എന്തു മാത്രം ലാപ്സാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്രം സംസ്ഥാനത്തിന് റേഷൻ വിതരണത്തിനായി അനുവദിച്ച ഭക്ഷ്യ ധാന്യങ്ങളുടെ 1994-മുതൽക്കുള്ള അളവ് അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(ബി) കേന്ദ്രം അനുവദിച്ച വിഹിതത്തിൽ നിന്നും സംസ്ഥാന സർക്കാർ എടുത്ത അളവ് അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

(സി) 1994-മുതൽ ലാപ്സായ ഭക്ഷ്യധാന്യങ്ങളുടെ അളവ് അനുബന്ധം 3-ൽ കൊടുത്തിരിക്കുന്നു.

ഭക്ഷ്യഎണ്ണകളിലെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി

114(1602) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഎണ്ണകളിൽ മായം ചേർക്കൽ തടയുന്നതിനും അവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും "സപ്ലൈകോ" എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) അഗ്മാർക്കുള്ള ഉല്പന്നങ്ങൾ വാങ്ങി വിൽക്കുന്നതിന് "സപ്ലൈകോ" മുന്തിയ പരിഗണന നൽകാറുണ്ടോ;

(സി) "സപ്ലൈകോ" വില്പന നടത്തുന്ന ഏതെല്ലാം ബ്രാന്റ് ഉൽപന്നങ്ങൾക്കാണ് അഗ്മാർക്കുള്ളത്;

(ഡി) "സപ്ലൈകോ" യ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വിതരണക്കാരോട് അഗ്മാർക്കുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ ഇപ്രകാരം അഗ്മാർക്കുള്ള ഭക്ഷ്യ വസ്തുക്കൾ ആരെങ്കിലും നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യഎണ്ണകളിലെ മായം ചേർക്കൽ തടയുന്നതിലേക്കായി ഐ.എസ്.ഐ./അഗ്മാർക്ക്/എഫ്.പി.ഒ. ഗുണമേന്മ സർട്ടിഫിക്കറ്റുള്ള ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനാണ് സപ്ലൈകോ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. എല്ലാ ഭക്ഷ്യോല്പന്ന നിർമ്മാതാക്കളിൽ നിന്നും പി.എഫ്.എ. റൂൾ അനുസരിച്ചുള്ള വാറന്റി നിർദ്ദിഷ്ട ഫോറത്തിൽ വാങ്ങുന്നുണ്ട്. കൂടാതെ ഗവൺമെന്റ് അംഗീകൃത ലബോറട്ടറികളിൽ ഉല്പന്ന ടെസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റും റിപ്പോർട്ടുകളും ആവശ്യപ്പെടാറുണ്ട്.

(ബി) ഉണ്ട്.

(സി) സപ്ലൈകോ വിതരണം ചെയ്യുന്ന തേജസ് വെളിച്ചെണ്ണ, തേജസ് നല്ലെണ്ണ, റാണി ബ്രാൻഡ് നല്ലെണ്ണ, അരോമ കറിപൗഡറുകൾ, ഉണ്ണീസ് കറി പൗഡറുകൾ, അമ്മ കറിപൗഡറുകൾ, സാറാസ് കറിപൗഡറുകൾ, സെയിൽ കറിപൗഡറുകൾ, രുചി തേൻ, മംഗളം തേൻ, ലയൺ തേൻ, നേച്ചുറ തേൻ, മലനാട് തേൻ, ദാസർ തേൻ, ഹൈനസ് തേൻ, മലബാർ നെയ്യ്, മലനാട് നെയ്യ്, ആർ.കെ.ജി.നെയ്യ്, എ1 എസ്.കെ.സി. നെയ്യ്, ഹെറിറ്റേജ് നെയ്യ് എവരി ഡെ നെയ്യ്, സെഞ്ചുറി ആട്ട തുടങ്ങിയ ഉല്പന്നങ്ങൾക്ക് അഗ്മാർക്ക് ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) സപ്ലൈകോ വിതരണം ചെയ്യുന്ന തേജസ് വെളിച്ചെണ്ണ, തേജസ് നല്ലെണ്ണ, റാണി ബ്രാൻഡ് നല്ലെണ്ണ, അരോമ കറിപൗഡറുകൾ, ഉണ്ണീസ് കറിപൗഡറുകൾ, അമ്മ കറിപൗഡറുകൾ, സാറാസ് കറിപൗഡറുകൾ, സെയിൽ കറിപൗഡറുകൾ, രുചി തേൻ, മംഗളം തേൻ, ഹൈനസ് തേൻ, ലയൺ തേൻ, നേച്ചുറ തേൻ, മലനാട് തേൻ, ദാസർ തേൻ, മലബാർ നെയ്യ്, മലനാട് നെയ്യ്, ആർ.കെ.ജി.നെയ്യ്, എ1 എസ്.കെ.സി. നെയ്യ്, ഹെറിറ്റേറ്റ് നെയ്യ് എവരിഡെ നെയ്യ്. സെഞ്ചുറി ആട്ട തുടങ്ങിയ ഉല്പന്നങ്ങൾക്ക് അഗ്മാർക്ക് ഉണ്ട്.

റേഷൻ കാർഡുടമകളുടെ എണ്ണം

115 (1603) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര റേഷൻകാർഡ് ഉടമകൾ ആണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര റേഷൻകാർഡ് ഉടമകൾ ഉണ്ട്?

LIBRARY ARCHIVES Kerala Legislative Assembly